പ്രദേശത്തെ സാംക്രമിക രോഗങ്ങൾ തടയുന്നതിന് ആവശ്യമായ പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുഷ്ഠം: — ജർമൻ ലപ്രസി റിലീസ് അസോസിയേഷൻ (ജി.എൽ.ആർ.എ.) വഴി സംസ്ഥാനത്തെ സർക്കാർ ഇതര സാമൂഹ്യ സംഘടനകളുടെ പ്രവർത്തന ശൈലി മെച്ചപ്പെടുത്തുകയും "റീ കൺസ്ട്രക്റ്റീവ് സർജറി ആവശ്യമായ കുഷ്ഠരോഗികളിൽ ഈ ഓപ്പറേഷൻ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക, കുഷ്ഠരോഗികൾക്കായി പ്രത്യേകപാദരക്ഷകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു.

പാൽ ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം

14(*299) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാൽ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് വേണ്ടി ഏതൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാനത്ത് കറവയന്ത്രം വ്യാപകമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(സി) കുളമ്പുരോഗത്തിനെതിരായ വാക്സിൻ പ്രതിരോധശേഷി ഇല്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) മിൽമ സംഭരിക്കുന്ന പാലിന്റെ ഭൂരിഭാഗവും പാലായിത്തന്നെയാണ് വിൽക്കുന്നത്. എന്നാൽ മറ്റ് പാലുല്പന്നങ്ങളായ നെയ്യ്, വെണ്ണ, പാൽപ്പൊടി, ഐസ്ക്രീം, പേഡ, ഫളേവേഡ് മിൽക്ക്, തൈര്, സംഭാരം തുടങ്ങിയവയെല്ലാം മിൽമ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്. കൂടാതെ ക്ഷീരവികസനവകുപ്പും താഴെപ്പറയുന്ന പരിപാടികൾ നടപ്പാക്കിവരുന്നു. ക്ഷീരപരിശീലന കേന്ദ്രങ്ങളിൽ പാൽ ഉൽപ്പന്നപരിശീലനപരിപാടി നടത്തുക, ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് റിഫ്രഷർ ട്രെയിനിംഗ് പരിപാടി സംഘടിപ്പിക്കുക, സംസ്ഥാനത്ത് സ്ഥാപിതമായ മിൽക്ക്പ്രോഡക്ട് യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

(ബി) ഉണ്ട്. മൊബൈൽ കറവയന്ത്രം നിർമ്മിക്കുന്ന കമ്പനിയുമായി ബന്ധപ്പെട്ട് കറവയന്ത്രം രൂപാന്തരപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിൽ 10 പ്രാഥമിക സംഘങ്ങളിൽ പ്രവർത്തിപ്പിച്ചുവരുന്നുണ്ട്. ഇതിൽ കാണുന്ന ന്യൂനതകൾ പരിഹരിച്ച് വ്യാപകമാക്കുവാൻ വേണ്ട നടപടികളെടുത്തുവരുന്നു. കമ്മേഴ്സ്യൽ ഡയറികളിൽ കറവയന്ത്രം ഒരു ഘടകമാക്കി ആവശ്യമായ ധനസഹായവും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

വിമാന യാത്രാക്കൂലി വർദ്ധിപ്പിച്ച നടപടി

15(*300) ശ്രീ. എം. ദാസൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ്, മധ്യപൂർവേഷ്യ, യൂറോപ്പ്, അമേരിക്ക തുടങ്ങിയ വിദേശ രാജ്യങ്ങളിലേയ്ക്കുള്ള വിമാന യാത്രാക്കൂലി വർദ്ധിപ്പിച്ച നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിമാന കമ്പനികൾ വിമാന യാത്രാക്കൂലി വർദ്ധിപ്പിച്ച നടപടി ഗൾഫ് മേഖലകളിലും മറ്റും പണിയെടുക്കുന്ന മലയാളികളെ എപ്രകാരം ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(സി) വിമാന യാത്രാക്കൂലി വർദ്ധിപ്പിച്ച നടപടിയിൽ കേന്ദ്ര സർക്കാർ ഇടപെടണമെന്ന് സർക്കാർ ആവശ്യപ്പെട്ടിരുന്നുവോ ;

(ഡി) ഗൾഫ് മേഖലയിലേയ്ക്കുള്ള വിമാന യാത്രാക്കൂലി കഴിഞ്ഞ 5 വർഷക്കാലത്തിനിടയ്ക്ക് എത്ര തവണ വർദ്ധിപ്പിച്ചെന്ന് അറിവുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) വിമാന യാത്രാക്കൂലി വർദ്ധനവ് തടയണമെന്ന സർക്കാരിന്റെ അഭ്യർത്ഥനയിൽമേൽ കേന്ദ്രസർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിവുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ഇതു സംബന്ധിച്ച് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ എന്തെങ്കിലും അറിയിപ്പ് ലഭിച്ചുവോ ;

(ജി) വിമാന യാത്രാക്കൂലി അടിക്കടി വർദ്ധിപ്പിച്ച് വിദേശ മലയാളികളെ ചൂഷണം ചെയ്യുന്ന നടപടി അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്ന മലയാളികളെ വളരെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നമാണിത്. പല വിമാനകമ്പനികളും ദൂരത്തെ അടിസ്ഥാനമാക്കിയാണ് ചാർജ് ഈടാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly